**കേരള സർക്കാർ**
**ധനകാര്യ (പെൻഷൻ-ബി) വകുപ്പ്**

# സർക്കുലർ

**നം.34/2024/ധന** **തിരുവനന്തപുരം, തീയതി: 07/06/2024**

വിഷയം:- ബഹു. കോടതി നിർദ്ദേശങ്ങൾക്ക് അനുസൃതമായി പെൻഷൻ ആനുകൂല്യങ്ങൾക്ക് പിഴ പലിശ നൽകണമെന്ന ഉത്തരവുകൾ നടപ്പിലാക്കുന്നതിനുള്ള കാലതാമസം ഒഴിവാക്കുന്നതു - സംബന്ധിച്ച്.

സൂചന:- 23/06/2023 തീയതിയിലെ സ.ഉ.(സാധാ)നം.62/2023/ധന ഉത്തരവ്.

ബഹു. കോടതി നിർദ്ദേശങ്ങൾക്ക് അനുസൃതമായി പെൻഷൻ ആനുകൂല്യങ്ങൾക്ക് പിഴ പലിശ നൽകണമെന്ന ഉത്തരവ് സമയബന്ധിതമായി പാലിക്കുന്നത് സംബന്ധിച്ച് സൂചന സർക്കാർ ഉത്തരവ് പ്രകാരം മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിരുന്നു. പെൻഷൻ ആനുകൂല്യങ്ങൾക്ക് പിഴ പലിശ നൽകണമെന്ന ബഹു. കോടതി ഉത്തരവിന്മേൽ ഭരണ വകുപ്പ് ലഭ്യമാക്കുന്ന ശിപാർശ പരിശോധിച്ച ശേഷം, അപ്പീലിന് സാധ്യതയില്ലാത്ത പക്ഷം ഹർജിക്കാരന് പലിശ വിതരണം ചെയ്യാൻ ബന്ധപ്പെട്ട ട്രഷറി ഓഫീസർക്ക് നിർദ്ദേശം നൽകി ധനകാര്യ (പെൻഷൻ-ബി) വകുപ്പിൽ നിന്നും ഉത്തരവ് പുറപ്പെടുവിക്കേണ്ടതാണ് എന്ന് സൂചന ഉത്തരവിലെ ഖണ്ഡിക (i)-ൽ നിർദ്ദേശിക്കുന്നു.

എന്നാൽ, പലപ്പോഴും ബഹു. കോടതി ഉത്തരവ് പാലിക്കുന്നതിനായുള്ള സമയ പരിധി തീരുന്ന മുറക്കോ അല്ലെങ്കിൽ ഹർജിക്കാരൻ കോടതിയലക്ഷ്യം ഫയൽ ചെയ്തതിനു ശേഷമോ മാത്രമാണ് ഇത് സംബന്ധിച്ചുള്ള ശിപാർശ ധനകാര്യ വകുപ്പിൽ പരിശോധനക്ക് ലഭ്യമാക്കുന്നത്. ബഹു. കോടതി ഉത്തരവ് നടപ്പിലാക്കുന്നതിൽ കാലതാമസം വരുന്ന കേസുകളിൽ ധനകാര്യ വകുപ്പ് കക്ഷിയല്ലെങ്കിൽപ്പോലും ഈ വകുപ്പും കോടതി നടപടികളുടെ ഭാഗമാകേണ്ടി വരുന്നു. അതിനാൽ, വിരമിക്കൽ ആനുകൂല്യങ്ങൾ അനുവദിക്കുന്നതിനുള്ള കാലതാമസത്തിനു പലിശ നൽകേണ്ടി വരുന്ന കേസുകളിൽ സൂചന സർക്കാർ ഉത്തരവിൽ വിശദീകരിച്ചിരിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങൾ ബന്ധപ്പെട്ട അധികാരികൾ സമയബന്ധിതമായി പാലിക്കേണ്ടതാണ്.

പലിശ അനുവദിച്ച ധനകാര്യ വകുപ്പിൽ നിന്നും ഉത്തരവാകുന്ന മുറക്ക് ഹർജിക്കാരന് പലിശ തുക കാലതാമസം കൂടാതെ വിതരണം ചെയ്തുവെന്ന് പെൻഷൻ സാങ്ഷണിംഗ് അധികാരി/ വകുപ്പ് മേധാവി ഉറപ്പു വരുത്തേണ്ടതും ആയത് ഈ വകുപ്പിനെ അറിയിക്കേണ്ടതുമാണ്.

എല്ലാ പെൻഷൻ സാങ്ഷണിംഗ് അധികാരികളും/ വകുപ്പ് മേധാവികളും മേൽ നിർദ്ദേശം കർശനമായി പാലിക്കേണ്ടതാണ്.

**വി. അജയകുമാർ**
അഡീഷണൽ സെക്രട്ടറി (ധനകാര്യം)

പകർപ്പ് :-

1. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരള, തിരുവനന്തപുരം.
2. അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്-II), കേരള, തിരുവനന്തപുരം.
3. സെക്രട്ടേറിയറ്റിലെ നിയമം, ധനകാര്യം, ഭരണം ഉൾപ്പെടെയുള്ള എല്ലാ വകുപ്പുകളിലെയും എല്ലാ സെക്ഷനുകൾക്കും.
4. എല്ലാ വകുപ്പുകൾക്കും, വകുപ്പുതലവൻമാർക്കും.
5. അഡ്വക്കേറ്റ് ജനറൽ, എറണാകുളം.
6. ട്രഷറി ഡയറക്ടർ, തിരുവനന്തപുരം.
7. ജില്ലാ ട്രഷറികളും, സബ് ട്രഷറികളും.
8. നോഡൽ ഓഫീസർ, www.finance.kerala.gov.in
9. ഓഫീസ് പകർപ്പ് / സൂക്ഷിപ്പ് ഫയൽ (E-2045644)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ